പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2766

10.07.2015-ൽ മറുപടിക്ക്

# നെൽകൃഷിയിൽ നൂതന മാതൃക

ചോദ്യം

ശ്രീ.കെ.എൻ.എ.ഖാദർ

മറുപടി

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കര നെൽകൃഷിയിലും ഗ്രോബാഗുകളിലെ നെൽകൃഷിയും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; | എ) | 2010-11 വർഷം മുതൽ 2013-14 വർഷം വരെ കഴിഞ്ഞ 4 വർഷ കാലയളവിലായി ആകെ 16483.93 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി നടപ്പിലാക്കുകയുണ്ടായി. 2014-2015 വർഷം പദ്ധതി നടപ്പിലാക്കിയിട്ടില്ല. 2015-2016 വർഷവും ഈ പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല. ഗ്രോബാഗുകളിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടില്ല. |
| ബി) | വീട്ടുവളപ്പിലും ഗ്രോബാഗുകളിലും ഉള്ള നെൽകൃഷി വ്യാപിപ്പിക്കുന്നത് ഭക്ഷ്യ സുരക്ഷയ്ക്ക് സഹായകരമാകുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; | ബി) | ഭക്ഷ്യ സുരക്ഷയ്ക്ക് സഹായകരമാണ് |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് വിഷമുക്തമായ ധാന്യം, പച്ചക്കറികൾ എന്നിവയുടെ ഉത്പാദനവും ഭക്ഷ്യസുരക്ഷയും മുൻനിർത്തി ഇത്തരം ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ സർക്കാർ സഹായം നൽകുന്നതിന് തയ്യാറാകുമോ? | (ഡി) | സംസ്ഥാനത്ത് ജൈവ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2015-16 വർഷത്തേക്കായി 'പ്രത്യേക നെല്ലിനങ്ങളുടെ വികസനം' പദ്ധതി പ്രകാരം പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നൽകി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനു പുറമേ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയ്ക്ക് 89.2 ഹെക്ടർ സ്ഥലത്ത് പൊക്കാളി കൃഷി നടപ്പിലാക്കുന്നതിനായി 8.92 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ജൈവകൃഷി നയമനുസരിച്ച് സംസ്ഥാനത്ത് ഘട്ടം ഘട്ടമായി ജൈവകൃഷി വ്യാപനം നടപ്പിലാക്കി വരുന്നു. ഇതിനു മുന്നോടിയായി 'സമ്പൂർണ്ണ ജൈവകാർഷിക മണ്ഡലം' എന്ന പരിപാടി 2014-15-ൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഭക്ഷ്യസുരക്ഷയ്ക്കായി വിപണിയിൽ ലഭ്യമായ പച്ചക്കറികളിലെയും മാമ്പഴങ്ങളിലെയും കീടനാശിനിയുടെ അവശിഷ്ടത്തിന്റെ അളവ് പരിശോധിക്കുന്നതിന് കൃഷിവകുപ്പും കേരള കാർഷിക സർവ്വകലാശാലയും സംയുക്തമായി 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി 2013-14 മുതൽ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ആഫീസർ